(ജി) ജലനിധി പദ്ധതിയിൽ ഇതുവരെ 51 കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്തതിൽ ഒന്നാംഘട്ടത്തിലെ ഏറ്റെടുത്ത 13 പദ്ധതികളിൽ 5 പദ്ധതികൾ ഗുണഭോക്തൃസംഘങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 45 പദ്ധതികൾ കൈമാറാനുള്ള ശ്രമം പുരോഗമിച്ചുവരുന്നു.

(എച്ച്) രണ്ടാംഘട്ടത്തിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ 31,167 പേർക്ക് പ്രയോജനപ്പെട്ടു. രണ്ടാംഘട്ടം പൂർത്തിയാകുമ്പോൾ 1,98,742 പേർക്ക് കൂടി പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഐ) ജലവിതരണം കൂടാതെ കെ.ആർ.ഡബ്ലിയു.എസ്.എ. നടപ്പാക്കുന്ന ശുചിത്വ മേഖലയിൽ 1.65 കോടി രൂപയും സ്ത്രീ ശാക്തീകരണത്തിന് 16.55 ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ 1.62 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ജെ-എൽ) 'ജലനിധി' പ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി മേഖലകളിൽ ജലജന്യരോഗങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

27 (3967) ഡോ. തോമസ് ഐസക് :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിന് തെരഞ്ഞെടുത്ത സ്ഥാപനം ഏതാണെന്നും അവരെ തെരഞ്ഞെടുത്ത നടപടിക്രമം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് എത്രയായിരുന്നുവെന്നും അവ ഏതെല്ലാം ഇനത്തിലായിട്ടാണ് നിശ്ചയിച്ചതെന്നും വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ കൺസൾട്ടൻസിക്ക് കൺസൾട്ടൻസി ഫീസിനത്തിൽ എന്ത് തുകയാണ് നിശ്ചയിച്ചതെന്നും അവ ഏതെല്ലാം ഇനങ്ങളിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇന്റർനാഷണൽ മാൻമന്ത് ലോക്കൽ മാൻമന്ത് എന്നിവ എന്ത് മാനദണ്ഡമനുസരിച്ചാണ് മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും നിശ്ചയിച്ചതെന്നും ഓരോ കരാറിലും ഇവ എത്ര വീതമാണ് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പദ്ധതി പൂർത്തികരിക്കുന്നതിനുള്ള കാലാവധി രണ്ട് കരാറിലും എത്ര വീതമായിരുന്നു; പദ്ധതിയുടെ കാലാവധി കുറയ്ക്കുന്നതിനനുസരിച്ച് കൺസൾട്ടൻസി ഫീസിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി കമ്പനി ലിമിറ്റഡ്, ജപ്പാൻ ലീഡ് പാർട്ട്ണർ ആയിട്ടുള്ള റ്റി.ഇ.സി. കൺസോർഷ്യത്തെയാണ് പദ്ധതി നിർവ്വഹണത്തിനുള്ള കൺസൾട്ടന്റ് ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ജെ.ബി. ഐ.സി.-യും കേന്ദ്രസർക്കാരും തമ്മിൽ ഒപ്പുവച്ച കരാർ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് കൺസൾട്ടന്റിനെ തെരഞ്ഞെടുത്തത്. ഇതനുസരിച്ച് തയ്യാറാക്കിയ 5 കമ്പനികളുടെ ഷോർട്ട് ലിസ്റ്റിൽപ്പെട്ട 3 കമ്പനികൾ ടെക്നിക്കൽ ബിഡ്ഡും ഫിനാൻഷ്യൽ ബിഡ്ഡും സമർപ്പിച്ചു. ജെ.ബി.ഐ.സി. നിബന്ധനകൾ അനുസരിച്ച് ടെക്നിക്കൽ ബിഡ് മൂല്യനിർണ്ണയം നടത്തിയപ്പോൾ ഒന്നാം റാങ്ക് ലഭിച്ച റ്റി.ഇ.സി. കൺസോർഷ്യത്തിനെ കൺസൾട്ടൻസി കരാറിന് തെരഞ്ഞടുത്തു.

(ബി) കൺസൾട്ടൻസി ഫീസ് താഴെപ്പറയും വിധം ആയിരുന്നു. 1,656,884,558 + രൂപ 596,804,952 താഴെപ്പറയുന്ന 3 ഇനങ്ങളിലാണ് മേൽ തുക കൂട്ടി ചെയ്തിരുന്നത്.

1. വേതനം (റെമ്യൂണറേഷൻ)
2. മറ്റ് ചെലവുകൾ (അതർചാർജ്ജസ്)
3. ഭരണപരമായ ചെലവുകൾ (അഡ്മിനിസ്ട്രേഷൻ കോസ്റ്റ്)

മേൽപ്പറഞ്ഞ തുക കൂടാതെ കണ്ടിൻജൻസി ഇനത്തിൽ 5% തുക കൂടി വകയിരുത്തിയിരുന്നു.

(സി) പുതിയ ടെണ്ടറിൽ താഴെപ്പറയുംപ്രകാരമാണ് തുക നിശ്ചയിച്ചിട്ടുള്ളത്. 838,307,318+ US $ 2,159,581 രൂപ 488, 523,037 താഴെപ്പറയുന്ന നാല് ഇനങ്ങളിലാണ് തുക നിശ്ചയിച്ചിട്ടുള്ളത്.

1. റെമ്യൂണറേഷൻ - കീ സ്റ്റാഫ്
2. റെമ്യൂണറേഷൻ - സപ്പോർട്ട് സ്റ്റാഫ്
3. റീ ഇമ്പേഴ്സിബിൾസ് -
4. മിസലേനിയസ്.

കൂടാതെ കണ്ടിൻജൻസിയായി 10% തുക വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിയുടെ കാലയളവ് 6 വർഷമായി നിശ്ചയിച്ചിരുന്നതിന് അനുസരിച്ചാണ് 1997-ലെ ടേംസ് ഓഫ് റഫറൻസിൽ മാൻമന്ത് നിശ്ചയിച്ചിരുന്നത്. പുതുക്കിയ ടേംസ് ഓഫ് റഫറൻസ് പ്രകാരം പദ്ധതി കാലയളവ് 4 വർഷമായി മാറ്റി. ഇതനുസരിച്ചാണ് പുതിയ ടേംസ് ഓഫ് റഫറൻസിലെ മാൻമന്ത് നിശ്ചയിച്ചത്.

ഓരോ കരാറിലേയും മാൻമന്ത് താഴെപ്പറയുന്നു.

	ഇന്റർനാഷണൽ മാൻമന്ത്	ലോക്കൽ മാൻമന്ത്
ആദ്യ ടെണ്ടർ	374	1154
ഇപ്പോഴത്തെ ടെണ്ടർ	282	852

(ഇ) ആദ്യത്തെ കരാറിൽ 6 വർഷമായിരുന്നു കാലവധി. പുതിയ കരാറിൽ ഇത് 4 വർഷമാണ്. കാലാവധി കുറയുന്നതിനനുസരിച്ച് കൺസൾട്ടൻസി ഫീസിൽ കുറവ് വന്നിട്ടുണ്ട്. കൺസൾട്ടൻസി ഫീസിൽ വന്നിട്ടുള്ള കുറവ് നിലവിലുള്ള നിരക്കനുസരിച്ച് രൂപയിൽ കണക്കാക്കുമ്പോൾ 29.57 കോടി രൂപയാണ്.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കൊച്ചിയിലെ കുടിവെള്ള പദ്ധതി

28 (3968) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്മെന്റ് നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള കൊച്ചിയിലെ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) 2003 മാർച്ച് 31 വരെ ആയിരുന്ന ഡി.എഫ്.ഐ.ഡി.യുടെ കാലാവധി ഇനി നീട്ടുകയില്ല എന്ന നിബന്ധനയോടെ 2004 മാർച്ച് വരെ നീട്ടിത്തന്നിരിക്കുന്ന പ്രസ്തുത കാലാവധിക്കുള്ളിൽത്തന്നെ ഈ പദ്ധതിയുടെ പണി പൂർത്തീകരിക്കുമോ ;

(സി) ഡി.എഫ്.ഐ.ഡി. പദ്ധതിക്കുള്ള മോഡിബാത്തറും ഓവർഹെഡ് ടാങ്കിന്റെ പണി എന്ന് ആരംഭിക്കും ;

(ഡി) ഈ പണി ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly